HON'BLE MR. T. K. NARAYANA PILLAI : അതിന്റെ എല്ലാ വിവരങ്ങളും രേഖരിച്ചും അതു സംബന്ധിച്ചുണ്ടായിട്ടുള്ളതും ഉണ്ടാകാവുന്നതുമായ എല്ലാ വാദമുഖങ്ങളേയും പരിശോധിച്ചും ആവശ്യമായ തീരുമാനങ്ങൾ ഗവണ്മെൻറിൽ നിന്നും ചെയ്യുന്നതാണ്.

MR. PAUL THALIAT : കുറെ കൂടുതൽ വേഗം ചെയ്യാൻ ദയവുണ്ടാകുമോ?

HON'BLE MR. T. K. NARAYANA PILLAI : അതേക്കുറിച്ച്, ഫർണ്ണു മുതലുള്ള ചില പരിഷ്കാരങ്ങളിൽ എന്തെങ്കിലും ഭേദഗതി അഥവാ പരിഷ്കാരം ആവശ്യമാണെന്നു മതിയായ കാരണങ്ങളാൽ ഗവണ്മെൻറിനെ ബോദ്ധ്യപ്പെടുത്തുന്ന പക്ഷം അതിനെ തുടർന്നും അതിനെ അനുസൃതമാക്കിയും വേണ്ട നടപടികൾ നടത്തുന്നതിനു ഗവണ്മെൻറ് ഒട്ടും മടികാണിക്കുന്നതല്ല.

MR. EAPEN ARAKKAL : ഈ നിയമം തുടർന്നുകൊണ്ടിരിക്കുന്നതുകൊണ്ടു ജനങ്ങൾ കഷ്ടതയനുഭവിക്കുന്നതായി ഗവണ്മെൻറിനു അറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : ഇന്നു നിലവിലിരിക്കുന്ന രൂപം അടിസ്ഥാനമാക്കി നോക്കിയാൽ തന്നെയും ചില പ്രത്യേക പരിതസ്ഥിതികളിൽ ഡിസ്ക്രിഷൻ ഉപയോഗിച്ചു വേണ്ട നടപടി എടുക്കുവാനുള്ള അധികാരം ഗവണ്മെൻറിനുണ്ട്.

MR. EAPEN ARAKKAL : കഴിഞ്ഞ പ്രാവശ്യം ആലപ്പുഴ ഒരു സിമിറന്റി സ്ഥാപിക്കുന്നതു സംബന്ധിച്ച് ഒരു അപേക്ഷ അയച്ചു. അതു താഴെ നിന്നു ശുപാർശ ചെയ്തു വരികയും ചെയ്തു. പക്ഷെ ഗവണ്മെൻറു മതിയായ കാരണങ്ങൾ ഒന്നും കാണിക്കാതെ അപേക്ഷ തള്ളിയിരിക്കുന്നതായി അറിയിച്ചു. ഇതു സംബന്ധിച്ച് എന്തെങ്കിലും ഗവണ്മെൻറിനറിയാമോ ?

HON'BLE MR. T. K. NARAYANA PILLAI : ആലപ്പുഴ നിന്ന് എന്നു പറഞ്ഞാൽ അതു വ്യക്തമല്ല. ഏതാളാണ് അപേക്ഷ അയച്ചതെന്നു വ്യക്തമായി ബഹുമാനപ്പെട്ട മെംബർ ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടു വന്നിട്ടില്ല.

Pay Commission.

*130. MR. PAUL THALIAT : Will the Honourable Minister for Public Service be pleased to state :

(a) the date on which the Pay Commission was constituted ;

LIBRARY ARCHIVES Kerala Legislative Assembly

(b) the date on which the President of the Commission took charge ;

(c) whether any meeting of the commission was held so far ; and

(d) if the answar to part (c) is in the negative the reason for such a delay ?

HON'BLE MR. T. K. NARAYANA PILLAI :

(a) 7th October 1948

(b) 12th October 1948

(c) No.

(d) There has been no avoidable delay. A new office had to be formed for which suitable accommodation had to be provided and the necessary staff had to be selected and appointed. Those arrangements necessarily took some time.

MR. PAUL THALIAT : ഒരു മാസം ഈ പ്രസിഡൻറ് എന്തുജോലയാണ ചെയ്തുകൊണ്ടിരുന്നത്?

HON'BLE MR. T. K. NARAYANA PILLAI : പ്രസിഡൻറ് ഇതു സംബന്ധിച്ചുള്ള പ്രാരംഭനടപടികളിൽ വ്യാപൃതനായിരുന്നു. മറ്റു രാജ്യങ്ങളിൽ പ്രവത്തനം ചെയ്തിരുന്ന പേ കമ്മീഷൻസ് എതെല്ലാം വിധത്തിലാണ് അവരുടെ ജോലി നിർവ്വഹിച്ചതെന്നും, പരിഷ്കൃതരാജ്യങ്ങളിൽ അവ സംബന്ധിച്ചുള്ള നടപടികളും മറ്റും എന്തായിരുന്നു എന്നും പേ കമ്മീഷൻ പ്രവത്തനം ആരംഭിക്കുന്നതിനു ഒരു കപ്സറ്റനെയർ ആവശ്യമുണ്ടാകുമെന്നും അങ്ങനെ ആവശ്യമുണ്ടെങ്കിൽ എതെല്ലാം സംഗതികളാണ് അതിൽ ചേർക്കേണ്ടതെന്നും മറ്റും വളരെ ഗാഢമായി ചിന്തിച്ചുവെന്നും അതിൻറെ ഫലമായി ഒരു കപ്സറ്റനെയർ തയാറാക്കി കഴിഞ്ഞു എന്നുമാണ ഞാൻ ഇപ്പോൾ അറിയുന്നത്. ആ കമ്മിറ്റിയുടെ ഒരു മാറ്റിപ്പും ഇതിനകം പ്രൂട്ടുകയുണ്ടായി.

MR. PAUL THALIAT : പേ കമ്മിഷൻറെ പ്രവത്തനം വളരെ വേഗത്തിൽ നടത്താൻ എർപ്പാടു ചെയ്യുമോ?

HON'BLE MR. T. K. NARAYANA PILLAI : തീർച്ചയായും വേഗത്തിൽ പ്രവത്തിക്കണമെന്നുള്ള ഉദ്ദേശത്തോടു കൂടിയാണ പേ കമ്മീഷനെ നിയമിച്ചിട്ടുള്ളത്. കഴിയുന്നതും വേഗത്തിൽ ഇതിൻറെ റിപ്പോർട്ടു കിട്ടത്തക്കവണ്ണം വേണ്ട നടപടികളും നടത്തുന്നതാണ .

Midwifery Centre at Puthuvelikkara.

*131. MR. PAUL THALIAT : Will the Hon'ble Minister for Public Health be pleased to state :

LIBRARY ARCHIVES Kerala Legislative Assembly